# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊച്ചി നഗരസഭ - ജെ.എൻ.എൻ.യു.ആർ. എം./കെ.എസ് യു.ഡി.പി. പദ്ധതികളുടെ ഭാഗമായി തമ്മനം പുല്ലേപ്പടി റോഡ് വികസനത്തിനുവേണ്ടി ഭൂമി അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

**സ.ഉ. (സാധാ) 362/2010/ത.സ്വ.ഭ.വ.** **തീയതി, തിരുവനന്തപുരം, 1.2.2010**

---

**പരാമർശം:** 1. കൊച്ചി നഗരസഭയുടെ 30.7.09 ലെ 41-ാം നമ്പർ തീരുമാനം.
2. കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറുടെ 18.12.09 ലെ 2009/2989/26/കെ.എസ്.യു.ഡി.പി. നമ്പർ കത്ത്.

**ഉത്തരവ്**

കൊച്ചി നഗരത്തിലെ തമ്മനം-പുല്ലേപ്പടി റോഡ് വികസനത്തിനു വേണ്ടി എറണാകുളം, ഇളംകുളം, പൂണിത്തുറ, ഇടപ്പള്ളി വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 04.01.63 ഹെക്ടർ ഭൂമി റോഡ് വികസനത്തിനായും 04.16.32 ഹെക്ടർ ഭൂമി പുനരധിവാസത്തിനായും ഫാസ്റ്റ് ട്രാക്കിലും എമർജൻസി ക്ലോസിൽ ഉൾപ്പെടുത്തി പൊന്നും വിലയ്ക്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം നഗരസഭ തീരുമാനിക്കുകയും സർക്കാരിനോടപേക്ഷിക്കുകയും ചെയ്തു. പ്രസ്തുത ആവശ്യം പരാമർശം 2 പ്രകാരം പ്രോജക്ട് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 98.42 ഹെക്ടർ ഭൂമി കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറുടെ പരാമർശം (2) ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ കൊച്ചി നഗരത്തിലെ തമ്മനം-പുല്ലേപ്പടി റോഡ് വികസിപ്പിക്കുന്നതിനായി Jn.NURM/കെ.എസ്.യു.ഡി.പി. പദ്ധതികളിൽപ്പെടുത്തി എറണാകുളം, ഇളംകുളം, പൂണിത്തുറ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 04.01.63 ഹെക്ടർ ഭൂമി റോഡുവികസനത്തിനായും 04.16.32 ഹെക്ടർ ഭൂമി പുനരധിവാസത്തിനായും അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് താഴെപ്പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1) അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്.

2) അക്വിസിഷൻ സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക വ്യവഹാരബാധ്യതകളും ഉണ്ടായിരിക്കുന്നതല്ല.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

ലതാ പണിക്കർ,
അണ്ടർ സെക്രട്ടറി

To

പ്രോജക്ട് ഡയറക്ടർ, കെ. എസ്. യു. ഡി. പി.
സെക്രട്ടറി, കൊച്ചി നഗരസഭ
ജില്ലാ കളക്ടർ, എറണാകുളം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
**ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.**
ഡയറക്ടർ, ഐ.കെ.എം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**